**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 997** **18-09-2025 - ൽ മറുപടിയ്ക്ക്**

**വനമേഖലയിൽ താമസിക്കുന്നവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സംഘർഷത്തിൽ ഒറ്റപ്പെട്ട് വനമേഖലയിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽ നിന്നും സ്വയംസന്നദ്ധമായി ആദിവാസി ഇതര വിഭാഗത്തിൽ നിന്നും വരുന്നവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി ആർ.കെ.ഡി.പി., കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെ 'നവകിരണം' എന്ന പേരിൽ സർക്കാർ നടപ്പിലാക്കി വരുന്നു.<br><br>ടി പദ്ധതി പ്രകാരം 1039 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി അർഹതകുടുംബങ്ങളിൽ, **802** അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് **15** ലക്ഷം രൂപ നിരക്കിൽ), **237** അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ **7.5** ലക്ഷം വീതം ഇതിനകം നൽകുകയും ചെയ്തിട്ടുള്ളതാണ്. ഈ പദ്ധതിയിലൂടെ **138.075** കോടി രൂപ (ആർ.കെ.ഡി.പി മുഖേനെ **95.25** കോടിയും, കിഫ്ബി ഫേസ് **I & II** പദ്ധതി മുഖേനെ **42.825** കോടിയും) നൽകിയിട്ടുള്ളതാണ്. |
| (ബി) | ഈ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുന്നതെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (ബി) | കേരള വനം-വന്യജീവി വകുപ്പ് റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയംസന്നദ്ധ പുനരധിവാസ/ കിഫ്ബി ഫേസ് II എന്നീ സർക്കാർ പദ്ധതികൾ വിനിയോഗിച്ച് ആണ് വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി ഇതര ജനവിഭാഗങ്ങളെ മാറി താമസിക്കുന്നതിനുള്ള സാഹചര്യം ഈ പദ്ധതിയിലൂടെ ഒരുക്കുന്നത്. ഈ പദ്ധതി പരിശോധിച്ചാൽ ഭൂമിയുടെ വിസ്തൃതിക്ക് ഉപരിയായി ഇപ്രകാരമുള്ള പ്രദേശത്തു താമസിക്കുന്നവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലാണ് |

പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഒറ്റപ്പെട്ട വനാന്തരങ്ങളിൽ താമസിക്കുന്ന വ്യക്തികൾക്ക് യൂണിറ്റ് ഒന്നിന് ലഭിക്കുന്ന 15 ലക്ഷത്തിനുപരിയായി അപേക്ഷയിൽ ആശ്രിതനായി കൂടെ താമസിക്കുന്ന പ്രായപൂർത്തിയായ മകൻ, മകൾ, സഹോദരൻ, സഹോദരി, വിധവ, വിവാഹമോചിത, അനാഥൻ, അംഗവൈകല്യമുള്ളവർ എന്നിവർക്കും ഓരോ ഉപയൂണിറ്റിന് അർഹരാണ്.

ടി പദ്ധതിയുടെ മാർഗ്ഗരേഖയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ.

ഒരു കുടുംബത്തിലെ തന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണു താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്.

1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.

2. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.

3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)

4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ.

5. വിധവ അല്ലെങ്കിൽ വിവാഹമോചിത.

രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.

വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്.

| | | | |
|---|---|---|---|
| | | | രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്. |
| (സി) | നിലവിൽ ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നുമുള്ള കണക്കുകൾ നൽകാമോ, ഈയിനത്തിൽ ചെലവഴിച്ച ആകെ തുകയെത്ര; | (സി) | സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിക്കായുള്ള അപേക്ഷ വനംവകുപ്പിന്റെ റെയിഞ്ച് ഓഫീസുകളിലും ഡിവിഷൻ ഓഫീസിലുകളുമായാണ് നൽകുക. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധനാവിധേയമാക്കിയാൽ മാത്രമേ അപേക്ഷകൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അർഹനാണോ എന്ന് നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളു. നിലവിൽ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ഫണ്ട് പ്രകാരം 1545 കുടുംബയൂണിറ്റുകൾക്ക് മാത്രമേ പദ്ധതിതുക അനുവദിക്കുവാൻ സാധിക്കുകയുള്ളു. നിലവിൽ 1039 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് ഫീൽഡ് പരിശോധന റെയിഞ്ച്, ഡിവിഷൻ തലങ്ങളിൽ പുരോഗമിക്കുന്നത്. ആയതിനാൽ നിലവിൽ കേരളത്തിലെ 36 വനം ഡിവിഷനുകളിലായി ലഭിച്ച അപേക്ഷകരുടെ കണക്കുകൾ തിട്ടപ്പെടുത്താനാവുകയില്ല.<br><br>നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 138.075 കോടി രൂപ (റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേനെ 95.25 കോടിയും, കിഫ്ബി പദ്ധതി മുഖേനെ 42.825 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ഇതുവഴി 207.4632 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഇനിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടിന്റെ ലഭ്യത ഉണ്ടോ, ഇല്ലെങ്കിൽ എപ്രകാരമാണ് ഫണ്ട് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) | നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി ആർ.കെ.ഡി.പി. , കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പിലാക്കി വരുന്നത്. നിലവിൽ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ഫണ്ട് പ്രകാരം 1545 കുടുംബയൂണിറ്റുകൾക്ക് (യൂണിറ്റിന് 15 ലക്ഷം രൂപ) മാത്രമേ പദ്ധതിതുക അനുവദിക്കുവാൻ സാധിക്കുകയുള്ളു. ഇതിൽ 1039 കുടുംബയൂണിറ്റുകൾക്ക് പദ്ധതിതുക അനുവദിക്കുകയും 506 കുടുംബയൂണിറ്റുകൾക്ക് ഇനി പദ്ധതി തുക അനുവദിക്കുവാൻ സാധിക്കുകയും ചെയ്യും. പദ്ധതിയിൽ ആകൃഷ്ടരായ അപേക്ഷകരുടെ ആവശ്യകത കണക്കിലെടുത്ത് KIIFB Phase II പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് KIIFB Phase III ൽ പുനരധിവാസ പദ്ധതി ആരംഭിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ